**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** **29-08-2022 - ൽ മറുപടിയ്ക്ക്**

**2019-ലെ ബഫർ സോൺ ഉത്തരവ് പിൻവലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ , ശ്രീ . ഷാഫി പറമ്പിൽ , ശ്രീ. എ . പി . അനിൽ കുമാർ , ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണായി പ്രഖ്യാപിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ 2022 ജൂലൈ 27-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഓരോ വന്യജീവി സങ്കേതത്തിനും ദേശീയോദ്യാനത്തിനും നിർണ്ണയിക്കപ്പെട്ട അതിർത്തികൾക്ക് ചുറ്റും കുറഞ്ഞത് ഒരു കി.മീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖലകൾ (ഇക്കോ സെൻസിറ്റീവ് സോൺ) ഉണ്ടായിരിക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിനെ തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലും ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹു. സുപ്രീം കോടതിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുകയാണ്. ടി നടപടികളുടെ ഭാഗമായി 27/07/2022-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10-08-2022-ൽ സ.ഉ.(കൈ)നം.44/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ബഫർ സോണുമായി ബന്ധപ്പെട്ട 2019-ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ബഫർസോണുമായി ബന്ധപ്പെട്ട 2019-ലെ മന്ത്രിസഭാ തീരുമാനത്തെ തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം, 31/10/2019-ലെ സർക്കാർ ഉത്തരവ് പ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെടെ വരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കി. മീ. വരെ (0-1 കി.മീ) ഇക്കോസെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് |

മനുഷ്യവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കി. മീ. നിർബന്ധമായും ബഫർസോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രവുമല്ല, കരട് വിജ്ഞാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര സർക്കാർ ഗസറ്റ് വഴി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചാൽ അതിൽ പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ല എന്ന വ്യവസ്ഥയും ഇല്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക എന്നതാണ്. കരട് വിജ്ഞാപനങ്ങളിന്മേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖല സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 28/09/2020-ൽ അന്നത്തെ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗതീരുമാന പ്രകാരവും 31-10-2019-ലെ സർക്കാർ ഉത്തരവിന് അകത്തുനിന്നുകൊണ്ട് അതിൽ പറഞ്ഞിട്ടുള്ള പൂജ്യം കി. മീ. എന്നവ്യവസ്ഥ ജനവാസമേഖലയും മറ്റും ഉൾപ്പെടുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ തീരുമാനത്തിന് വിരുദ്ധമോ അതിൽനിന്നും വ്യതിചലിച്ചുകൊണ്ടോ ഉള്ളതല്ല ഈ യോഗ തീരുമാന പ്രകാരം തയ്യാറാക്കിയ ജനവാസമേഖലകളെയും സർക്കാർ / അർദ്ധ സർക്കാർ / പൊതു മേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കി കൊണ്ടുള്ള നിർദ്ദേശമാണ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. അതാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ ഉള്ളത്. ഇപ്രകാരം എടുത്ത നടപടികൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനവും കോടതി വിധിയും ലഭ്യമാകുന്നതിനുവേണ്ടിയാണ് 27.07.2022-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതും അപ്രകാരം ബഹു. സുപ്രീം കോടതിയിൽ പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹു.സുപ്രീം

| | | | |
|---|---|---|---|
| | | | കോടതി വിധി നിലനിൽക്കെ പുതിയ തീരുമാനം കൈക്കൊണ്ട് എന്ന തെറ്റായ സന്ദേശം ഉണ്ടാകാതിരിക്കേണ്ടതുമാണ്. ആയതിനാൽ അനാവശ്യമായി 31/10/2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കേണ്ടതില്ല. |
| (സി) | പ്രസ്തുത ഉത്തരവ് പിൻവലിച്ച് ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | 2019-ലെ ഉത്തരവ് പരിഗണിച്ചല്ല ബഹു. സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. മാത്രവുമല്ല ബഹു.സുപ്രീം കോടതി ഉത്തരവ് കേരളത്തിന് മാത്രമല്ല, ഇന്ത്യയിൽ ഒട്ടാകെ ബാധകവുമാണ്. 2003-ൽ സെൻട്രൽ എംപവേർഡ് കമ്മിറ്റി രാജസ്ഥാനിലെ ഒരു വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലാണ് ബഹു. സുപ്രീം കോടതിയുടെ 3.6.2022-ലെ വിധി വന്നിട്ടുള്ളത്. ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ പ്രസ്തുത സർക്കാർ ഉത്തരവ് പിൻവലിക്കുകയല്ല വേണ്ടത്. മറിച്ച് ഉത്തരവ് പ്രകാരം ഇതുവരെ സ്വീകരിച്ച നടപടികൾ അംഗീകരിച്ച് ജനവാസമേഖലകൾ ഉൾപ്പെടെ പൂർണ്ണമായും ഒഴിവാക്കി കിട്ടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തിന് ബഹു.സുപ്രീം കോടതിയുടെ കൂടി അംഗീകാരം ലഭ്യമാക്കുകയാണ് വേണ്ടത്. ഇതിനുവേണ്ടിയാണ് കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കൂടി ചൂണ്ടികാണിച്ചുകൊണ്ട് 17/08/20122-ന് സംസ്ഥാനം ബഹു. സുപ്രീം കോടതിയിൽ പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളത്. അതിനാൽ തന്നെ ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ല |

സെക്ഷൻ ഓഫീസർ